വിഴിഞ്ഞത്തെ മറൈൻ അക്വേറിയവും മറൈൻ ബയോടെക്നോളജി ലാബും തൽസ്ഥാനത്ത് തുടരാൻ നടപടി

120 [3267] ശ്രീ. വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ എ. പി. അനിൽകുമാർ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ വിഴിഞ്ഞത്തു സ്ഥാപിച്ചിട്ടുള്ള മറൈൻ അക്വേറിയവും മറൈൻ ബയോടെക്നോളജി ലാബും അവിടെനിന്നും മറ്റു സംസ്ഥാനത്തേക്കു മാറ്റാൻ ശ്രമം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു തടയുവാൻ എന്തെല്ലാം നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇങ്ങനെയൊരു നീക്കം തടയാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പേരാമ്പ്രയിൽ മത്സ്യസംസ്കരണ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ

121 [3268] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ മത്സ്യസംസ്കരണ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) ഈ യൂണിറ്റിന് ഇതിനകം എത്ര രൂപ ചെലവാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) യൂണിറ്റിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 1993-94 സാമ്പത്തികവർഷത്തിലാണ്.

(ബി) 49,00,000 രൂപ (നാൽപ്പത്തിഒൻപതു ലക്ഷം രൂപ).

(സി) 49,48,370 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശുദ്ധജല ലഭ്യതയ്ക്കുവേണ്ടിയുള്ള കിണറിന്റെ പണി അടുത്ത കാലത്താണ് പൂർത്തീകരിച്ചത്. ഇതിനിടയിൽ കോൾഡ് സ്റ്റോറേജിന്റെ തെർമോകോൾകൊണ്ട് നിർമ്മിച്ച വാതിൽ പ്രയോഗശൂന്യമായതിനാൽ പുതിയ വാതിൽ ഘടിപ്പിച്ചശേഷമേ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്ന് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(എഫ്) 31-3-2004-ൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പിന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനം

122 [3269] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായ വികസന കോർപ്പറേഷന് ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് ധനസഹായം ലഭിക്കുന്നത്;

(ബി) ഈ കോർപ്പറേഷന് ലഭിക്കുന്ന തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ;

(സി) ഈ തുക ചെലവാക്കുന്നത് സംബന്ധിച്ച് ആഡിറ്റിംഗ് നടത്താറുണ്ടോ;

(ഡി) കോർപ്പറേഷന് ലഭിക്കുന്ന തുക ദുർവിനിയോഗം ചെയ്യുന്നുവോ എന്ന് കണ്ടെത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) ഈ കോർപ്പറേഷന്റെ അധീനതയിൽ എത്ര കാറുകളാണ് ഉള്ളത്;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ കാറുകളാണ് വാങ്ങിയിട്ടുള്ളത്;

(ജി) ഇങ്ങനെ കാറുകൾ വാങ്ങിയെങ്കിൽ ഇതിനുള്ള തുക സർക്കാരിൽ നിന്ന് ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കോർപ്പറേഷനിൽ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഐ) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നുമാണ് ധനസഹായം ലഭിക്കുന്നത്.

(ബി) ഓരോ ജില്ലയിലേയും അപേക്ഷകരുടെ എണ്ണവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ചാണ് തുക ചെലവഴിക്കുന്നത്.

(സി) ഉണ്ട്.

(ഡി) സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ്, ധനകാര്യ വിഭാഗം ആഡിറ്റിംഗ്, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിംഗ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ഇ) 5 കാറുകൾ.

LIBRARY ARCHIVES Kerala Legislative Assembly